LIBRARY ARCHIVES Kerala Legislative Assembly

ഓപ്പൺ സ്കൂൾ റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാത്തീയതി നിശ്ചയിക്കാൻ നടപടി

28 [1426] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സംസ്ഥാന ഓപ്പൺ സ്കൂളിൽ റഗുലർ ആയി കുട്ടികളുടെ പേര് രജിസ്റ്റർ ചെയ്ത തീയതി എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓപ്പൺ സ്കൂൾ റഗുലർ വിദ്യാർത്ഥികൾക്ക് സ്റ്റഡി മെറ്റീരിയലുകൾ വിതരണം ചെയ്തതും കോൺടാക്ട് ക്ലാസുകൾ ആരംഭിച്ചതും എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓപ്പൺ സ്കൂൾ റഗുലർ വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷാ തീയതി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2004 സെപ്റ്റംബർ 16-ാം തീയതി മുതൽ ആരംഭിച്ചു.

(ബി) ഒന്നാം വർഷ റഗുലർ വിദ്യാർത്ഥികൾക്ക് 2005 ജനുവരിയിലും, രണ്ടാം വർഷ റഗുലർ വിദ്യാർത്ഥികൾക്ക് 2004 ഡിസംബറിലും സ്റ്റഡി മെറ്റീരിയലുകൾ വിതരണം ചെയ്തു.

കോൺടാക്റ്റ് ക്ലാസ്സുകൾ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 2004 ഡിസംബറിലും, രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് 2004 ഒക്റ്റോബറിലും ആരംഭിച്ചു.

(സി) ഉണ്ട്. ഫെബ്രുവരി 21-ാം തീയതി ആരംഭിച്ചു.

ഓപ്പൺ സ്കൂളിൽ പ്രൈവറ്റായി ആർട്സ്-കൊമേഴ്സ് വിഷയങ്ങളിൽ പഠിക്കുന്നവരുടെ എണ്ണം

29 [1427] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിൽ റഗുലറായി പ്ലസ് വൺ കോഴ്സിന് എത്ര കുട്ടികൾ ഈ വർഷം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ ആർട്സ്-കൊമേഴ്സ് ഗ്രൂപ്പുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ വർഷം ഓപ്പൺ സ്കൂളിൽ പ്രൈവറ്റായി ആർട്സ്-കൊമേഴ്സ് വിഷയങ്ങളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കണക്ക് ലഭ്യമാക്കുമോ;

(സി) ആർട്സ്-കൊമേഴ്സ് ഗ്രൂപ്പുകളിൽ കുട്ടികൾ പ്രൈവറ്റായി മാത്രം ചേരാൻ താൽപര്യപ്പെടുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ?